## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4826 — 27.06.2014 ൽ മറുപടിക്ക്

### വെറ്ററിനറി ഡോക്ടർമാരുടെ നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) മൃഗസംരക്ഷണ വകുപ്പിൽ വെറ്ററിനറി ഡോക്ടർമാർക്ക് എത്ര തസ്തികകളാണ് എൻടി കേഡറിൽ നിലവിലുള്ളത് ; ഇതിൽ ഒഴിവുള്ളവയുടെ എണ്ണം എത്രയാണ് ; ഒഴിഞ്ഞുകിടക്കാൻ കാരണം എന്തെന്ന് വിശദമാക്കാമോ ; | എ) | മൃഗസംരക്ഷണ വകുപ്പിൽ 1152 വെറ്ററിനറി സർജൻ ഗ്രേഡ് 2 തസ്തികകളാണ് എൻടി കേഡറിൽ നിലവിലുള്ളത്. ഡെപ്യൂട്ടേഷനും, ശൂന്യവേതനാവധിയും മൂലം ഉണ്ടായിട്ടുള്ള 23 ഒഴിവുകളാണ് ഇപ്പോൾ നിലവിലുള്ളത്. |
| ബി) വെറ്ററിനറി ഡോക്ടർമാരുടെ നിയമനത്തിനായി പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് ; ഈ ലിസ്റ്റിൽ നിന്നും ഇതേ വരെ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട് ; റാങ്ക് ലിസ്റ്റ് സംബന്ധിച്ച് ഏതെങ്കിലും കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | ബി) & സി) | വെറ്ററിനറി ഡോക്ടർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. മൃഗസംരക്ഷണ വകുപ്പിൽ ഇതേ വരെ ഉണ്ടായിട്ടുള്ള ഒഴിവുകൾ എല്ലാം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി റാങ്ക്ലിസ്റ്റ് നിലവിലില്ലാത്തതിനാൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. റാങ്ക് ലിസ്റ്റ് സംബന്ധിച്ച് കോടതിയിൽ കേസൊന്നും നിലനിൽക്കുന്നില്ല. |
| സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ